കച്ചവടം	-	(പൊതുവ്യാപാരം - വാങ്ങുകയും വിൽക്കുകയും തുടങ്ങിയവ)
സേവനങ്ങൾ	-	(റിപ്പെയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ)
ഉല്പാദനം	-	ചെറുകിട- ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, ഫർണിച്ചറും തടി വ്യവസായവും, സല്ലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ)
കാർഷിക വ്യവസായങ്ങൾ	-	(ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ), മത്സ്യ കൃഷി/ഉൾനാടൻ മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ, പാലിനുവേണ്ടിയുള്ള കാലി വളർത്തൽ, ഭക്ഷ്യോൽപ്പന്ന നിർമ്മാണം, സംയോജിത കൃഷി, ഫാം ടൂറിസം, ആടു വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ)

(സി&ഡി) ഈ ആവശ്യങ്ങൾക്ക് വായ്പ അനുവദിക്കുന്ന പദ്ധതിയൊന്നും ഇപ്പോൾ നോർക്ക വകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനായി സാന്ത്വന പദ്ധതി പ്രകാരം അർഹതാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ, പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള ധനസഹായവും, വനിത അംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹധനസഹായവും നൽകി വരുന്നുണ്ട്.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

79 (3363) ഡോ. കെ. ടി. ജലീൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം നഗര പ്രദേശങ്ങളിൽ എത്ര കുടുംബങ്ങൾ ഇതുവരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കി എന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പ് സാമ്പത്തിക വർഷം പദ്ധതിക്കായി എത്ര തുക അനുവദിച്ചു എന്നും അതിൽ എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ;

(സി) പണിയെടുത്ത തൊഴിലാളികൾക്ക് കൂടിശ്ശിക ഇനത്തിൽ എത്ര തുക കൊടുത്തു തീർക്കാനുണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം നഗരപ്രദേശങ്ങളിൽ ഇതുവരെ 82,835 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 25,837 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നടപ്പ് വർഷം 30 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയതിൽ 4.79 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(സി) പണിയെടുത്ത തൊഴിലാളികൾക്ക് കൂടിശ്ശിക ഇനത്തിൽ 12,03,000 രൂപ കൊടുത്തു തീർക്കാനുണ്ട്.

നാഷണൽ അർബൻ ഹെൽത്ത് മിഷൻ

80 (3364) ശ്രീ. ഹൈബി ഈഡൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :,

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന നാഷണൽ അർബൻ ഹെൽത്ത് മിഷൻ (എൻ. യു. എച്ച്. എം.) പരിപാടിയിൽ, നഗര വികസന വകുപ്പിന് എന്തെങ്കിലും പങ്കാളിത്തമുണ്ടോ ; സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളിലാണ് എൻ.യു.എച്ച്.എം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) എൻ.യു.എച്ച്.എം. പരിപാടി നടപ്പിലാക്കുന്നത് സംബന്ധിച്ച് നഗരകാര്യ വകുപ്പും ആരോഗ്യ വകുപ്പും തമ്മിൽ കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) തിരുവനന്തപുരം കോർപ്പറേഷനിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് എൻ.യുഎച്ച്.എം. സെന്ററുകൾ തുടങ്ങുന്നത്. ഏതെങ്കിലും സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ; ഇവിടുത്തെ ജീവനക്കാരെ ആരാണ് നിയമിക്കുന്നത് ;

(ഡി) നിലവിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ഹെൽത്ത് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാതൃ-ശിശു കേന്ദ്രങ്ങളിൽ(സി.ഡബ്ല്യു.സി), എൻ. യു. എച്ച്.എം. ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly